# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

(നക്ഷത്ര) ചിഹ്നമിട്ട ചോദ്യം നം : 738      15.7.2014-ൽ മറുപടിയ്ക്ക്

<u>കണ്ടൽ മരങ്ങൾ</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തോമസ് ചാണ്ടി<br>,, എ. കെ. ശശീന്ദ്രൻ | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) തീര ദേശമേഖലയിൽ കാണുന്ന കണ്ടൽക്കാടുകൾ നശി ച്ചു തുടങ്ങിയകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ഉണ്ട്. |
| (ബി) കായൽ കൈയ്യേറ്റവും നിർമ്മാണ പ്രവർത്തനങ്ങളുമാണ് കണ്ടൽക്കാടുകളുടെ നാശ ത്തിന് കാരണമെന്ന് മനസ്സിലാക്കി ഇതിന് പരിഹാരം കാണാൻ എന്തെല്ലാം നടപടി കളാണ് സ്വീകരിക്കുന്ന തെന്ന് വ്യക്തമാക്കുമോ ; | ബി) കണ്ടൽവനങ്ങളുടെ പാരിസ്ഥിതികവും ജൈവപരവുമായ പ്രാധാന്യവും അവ പരിസ്ഥിതിക്ക് നല്കുന്ന സേവനങ്ങളും കണക്കിലെടുത്ത് 2010-ൽ കണ്ടലുകൾ പരിരക്ഷിക്കുന്നതിനായി സംസ്ഥാന വനം വന്യജീവി വകുപ്പ് ഒരു പദ്ധതി നടപ്പിലാക്കുകയും ആയതിന് സംസ്ഥാന സർക്കാർ 2010-11 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നല്കുകയും ആയതിന്റെ ഭാഗമായി തുടർന്നുള്ള വർഷങ്ങളിൽ സ്വകാര്യ സ്ഥലങ്ങളിലെ കണ്ടലുകൾ സംരക്ഷിക്കുന്നതിലേയ്ക്കായി സർക്കാരിന്റെ നിലവിലുള്ള ജി.ഒ. (ആർ.റ്റി.)നം.354/2013/വനം തീയതി 12.09.2013) പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കണ്ടൽക്കാടുകൾ സംരക്ഷിക്കുന്ന തിനുള്ള പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങൾക്ക് അവബോധം സൃഷ്ടിക്കുന്നതിലേയ്ക്ക് |

ബോധവല്ക്കരണ പ്രവർത്തനങ്ങൾ നടത്തുക, കണ്ടൽ പുനരുല്പാദനത്തിന് ധനസഹായം നൽകുക,പദ്ധതിക്കുവേണ്ടി പ്രാരംഭ പ്രവർത്തനങ്ങൾ നടത്തുക, കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനു വേണ്ടി കണ്ടൽ ഉടമകൾക്ക് നിലവിലുള്ള സർക്കാർ ഉത്തരവിലെ മാർഗ്ഗരേഖകളുടെ അടിസ്ഥാനത്തിൽ ഒരേക്കറിന് 4000/- രൂപ പാരിതോഷികമായി നല്കുക തുടങ്ങിയ പ്രധാന പ്രവർത്തനങ്ങൾ വനം വകുപ്പ് നടത്തിവരുന്നുണ്ട്. കൂടാതെ കേരള ഫോറസ്റ്റ് ആക്റ്റ് 1961-ലെ വകുപ്പ് 4 പ്രകാരം കണ്ണൂർ,കോഴിക്കോട് മലപ്പുറം എന്നീ ജില്ലകളിലായി 263.5657 ഹെക്റ്റർ കണ്ടൽ മേഖല റിസർവ്വ് ഫോറസ്റ്റായി പ്രഖ്യാപിച്ച് വിജ്ഞാപനം ചെയ്തിട്ടുണ്ട്. കൂടാതെ കണ്ടൽക്കാടുകളെ സംബന്ധിച്ച് 05.12.2005-ലെ ദേശീയ കമ്മിറ്റിയുടെ തീരുമാനമനുസരിച്ച് വേമ്പനാട്, കണ്ണൂർ എന്നീ മേഖലകളിലെ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനും പുനരുജ്ജീവനത്തിനും വേണ്ടിയുള്ള ഒരു പദ്ധതിയും കേന്ദ്ര സർക്കാർ അംഗീകാരത്തോടെ വനംവകുപ്പ് നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് കണ്ടൽ വച്ചു പിടിപ്പിക്കുന്നവർക്ക് ഒരു മരത്തിന് അഞ്ചുരൂപ വീതം നൽകിയിരുന്ന കാര്യം പരിഗണിച്ച് ഈ പദ്ധതി | സി) | കണ്ടൽ വച്ചുപിടിപ്പിക്കുവാൻ താല്പര്യമുള്ള സ്വകാര്യ കണ്ടൽ ഉടമകൾക്ക്, കണ്ടൽ മരങ്ങൾ വച്ചു പിടിപ്പിക്കുന്നതിലേയ്ക്ക് വനം വകുപ്പിന്റെ കണ്ടൽക്കാടുകളുടെ സംരക്ഷണ പദ്ധതിയിലൂടെ ഏക്കറിന് 4000/- രൂപ സാമ്പത്തിക സഹായം, സർക്കാരിന്റെ നിലവിലുള്ള |

| | |
|---|---|
| തുടർന്നും നടത്തുവാൻ നടപടി സ്വീകരിക്കുമോ ? | മാർഗ്ഗനിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നല്കിയിരുന്നത്, ഈ സർക്കാരിന്റെ കാലത്തും നല്കിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**